# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** — **6.01.2014- ൽ മറുപടിക്ക്**

## ജലമാർഗ്ഗ ചരക്കു ഗതാഗതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.മോയിൻകുട്ടി :<br>ശ്രീ. പി.ബി.അബ്ദുൾ റസാക് :<br>ശ്രീ. സി.മമ്മൂട്ടി :<br>ശ്രീ. പി.ഉബൈദുള്ള : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്താമോ ; | (ബി) | 1) വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ജലമാർഗ്ഗമുള്ള ചരക്കുഗതാഗത പദ്ധതി അവിഷ്കരിച്ചിട്ടുള്ളത്.<br><br>2) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് നടന്നുവരുന്നു.<br><br>3) കപ്പൽ ചാലുകൾ തിരിച്ചറിയുന്നതിനായി ചാനൽ മാർക്കിംഗ് ബോയകൾ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. വിഴിഞ്ഞം തുറമുഖത്ത് ബോയ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>4) പോർട്ടാഫീസുകളിലും, വാർഫിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>5) കൊല്ലം തുറമുഖത്ത് 100 ടൺ കപ്പാസിറ്റിയുള്ള വെയ് ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

6) കൊല്ലം തുറമുഖത്ത് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

7) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു.

8) കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9) പച്ചക്കറികൾ, മത്സ്യമാംസാദികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) കൊല്ലത്ത് ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും വിഴിഞ്ഞം തുറമുഖത്ത് വാർഫിന് നീളം കൂട്ടുന്നതിനും, ബേപ്പൂർ തുറമുഖത്ത് ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൊടുങ്ങല്ലൂർ വാർഫ് നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(സി) ജലമാർഗ്ഗ ചരക്കുഗതാഗത പോഷണത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

(സി) ഉണ്ട്. ചരക്ക് ഗതാഗതത്തിന് ടൺ ഒന്നിന് 1-കി.മീറ്ററിന് 1 രൂപ നിരക്കിലും, യാത്രക്കാർക്ക് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. ടി ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുള്ള ഭാരതത്തിലെ ആദ്യ സംസ്ഥാനം കേരളമാണ്.

സെക്ഷൻ ഓഫീസർ